## പതിമൂന്നാം കേരള നിയമസഭ - ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:155 04/02/2013 - ൽ മറുപടിക്ക്

## മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രിയുടെ ചുമതലയിൽ ഉള്ള വകുപ്പുകളിലെ പദ്ധതി നിർവ്വഹണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. സുരേഷ്കുറുപ്പ്: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രിയുടെ ചുമതലയിൽ ഉള്ള വകുപ്പുകളിൽ ഓരോന്നിലും 2012-13 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുകയും ഇതിനകം ചെലവഴിച്ച തുകയും സംബന്ധിച്ച കണക്കുകൾ വ്യക്തമാക്കാമോ; | (എ) <u>ഫിഷറീസ് വകുപ്പ്:</u><br><br>വിവരം ശേഖരിച്ചു വരുന്നു.<br><br><u>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്:</u><br><br>1. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ 2012-13 സാമ്പത്തിക വർഷം ഫിഷറീസ് സെക്ടറിൽ 11505.07 ലക്ഷം രൂപയും പോർട്ട് സെക്ടറിൽ 3894.93 ലക്ഷം രൂപയും വകയിരുത്തി. ഇതിൽ ഫിഷറീസ് സെക്ടറിൽ 3606.948 ലക്ഷം രൂപയും പോർട്ട് സെക്ടറിൽ 1549.361 ലക്ഷം രൂപയും നാളിതുവരെ ചെലവഴിച്ചു.<br><br>2. <u>തീരദേശ റോഡുകളുടെ പുനരുദ്ധാരണം (4405-00-800-80)</u><br><br>2012-13 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 55 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ വിവിധ ജില്ലകളിലായി തീരദേശ |

റോഡുകളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തികൾക്കായി ഡിസംബർ 2012 വരെ 312 റോഡുകൾക്ക് 9112 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. അതനുസരിച്ച് പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു.

ഹൈഡ്രോഗ്രാഫിക് സർവ്വെ വകുപ്പ്:

15 പദ്ധതികൾക്കായി 816 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 29/01/2013 വരെ 97.92 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

തുറമുഖ വകുപ്പ്:

ബഡ്ജറ്റിൽ വകയിരുത്തിയ തുക - 246.63 കോടി രൂപ.
(തുറമുഖ വകുപ്പ് - 22.95 കോടി രൂപ
വിഴിഞ്ഞം ഇന്റർ നാഷണൽ സീ പോർട്ട് ലിമിറ്റഡ് - 223.68 കോടി രൂപ)
തുറമുഖ വകുപ്പ് ചെലവഴിച്ച തുക - 11.27 കോടി രൂപ.

എക്സൈസ് വകുപ്പ്:

2012-13 സാമ്പത്തിക വർഷം ബഡ്ജറ്റിൽ "2039 സ്റ്റേറ്റ് എക്സൈസ്" എന്ന മേജർ ശീർഷകത്തിൽ പദ്ധതിയേതര വിഹിതമായി 153,34,77,000 രൂപയും പദ്ധതി വിഹിതമായി 1,17,00,000 രൂപയും ചാർജ്ഡ് ഇനത്തിൽ 10,00,000 രൂപയും ഉൾപ്പെടെ ആകെ 153,34,77,000 രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ 2012 ജനുവരി 31

വരെ ശമ്പളം ഉൾപ്പെടെ 115,40,72,158 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ ഓരോ വകുപ്പ് വഴി 2012–13 സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിന് ബഡ്ജറ്റിലൂടെയും അല്ലാതെയും പ്രഖ്യാപിച്ച പദ്ധതികളും പരിപാടികളും എന്തൊക്കെയായിരുന്നു; അവയിൽ ഏതെല്ലാം പദ്ധതികളും പരിപാടികളും ഇനിയും നടപ്പാക്കുവാൻ അവശേഷിക്കുന്നു; ഭരണാനുമതി ലഭിച്ചവയിൽ നിർവ്വഹണം ആരംഭിച്ചിട്ടില്ലാത്തവ ഏതൊക്കെ;

(ബി) <u>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്:</u>

2012–13 സാമ്പത്തിക വർഷം ബഡ്ജറ്റിൽ ഈ വകുപ്പുമായി ബന്ധപ്പെട്ട് ഫിഷറീസ് മേഖലയിൽ തലായ്, ചേറ്റുവ, മുതലപ്പൊഴി, ചെറുവത്തൂർ എന്നീ മത്സ്യ ബന്ധന തുറമുഖങ്ങളുടെ നിർമ്മാണം രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തി 21/06/2012–ന് 31.02 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

<u>ഹൈഡ്രോഗ്രാഫിക് സർവ്വെ വകുപ്പ്:</u>

2012–13 സാമ്പത്തിക വർഷം ഈ വിഭാഗത്തിന്റെ കീഴിൽ നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

(I)

1. മൺസൂണിന് മുമ്പും പിമ്പുമുള്ള ഹൈഡ്രോഗ്രാഫിക് സർവ്വെ.
2. ഹൈഡ്രോഗ്രാഫിക് സർവ്വെ യൂണിറ്റിലെ സാങ്കേതിക വിദഗ്ദർക്ക് പരിശീലനം;
3. തീരദേശത്തെ സംബന്ധിച്ച വിവരങ്ങളുടെ ഡിജിറ്റൈസേഷൻ;
4. കേരളത്തിൽ ഹൈഡ്രോഗ്രാഫിക് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കൽ.
5. കേരളത്തിലെ നോൺ മേജർ പോർട്ടുകളിൽ ഹൈഡ്രോഗ്രാഫിക് ഡാറ്റാ സെന്റർ സ്ഥാപിക്കൽ.

6. ഹൈഡ്രോഗ്രാഫിക് സർവ്വെയും ഉൾനാടൻ ജലപാതകളെയും കുറിച്ചുള്ള സാദ്ധ്യതാ പഠനം.
7. ഇലക്ട്രോണിക് ഉപകരണങ്ങൾ, സർവ്വെ ഉപകരണങ്ങൾ ഇവ വാങ്ങൽ.
8. പഴയ നിരീക്ഷണ കപ്പലുകൾക്കു പകരം പുതിയത് വാങ്ങൽ.
9. നിരീക്ഷണ കപ്പലുകളുടെ നവീകരണം.
10. ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗിന്റെ നവീകരണം.
11. ജീവൻരക്ഷാ ഉപകരണങ്ങളും ചെറിയ സർവ്വെ ബോട്ടുകളും വാങ്ങൽ.
12. ബേപ്പൂരിൽ ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗിന്റെ ഓഫീസ് നിർമ്മാണം.
13. ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗിനുവേണ്ടി തിരുവനന്തപുരത്ത് കെട്ടിട നിർമ്മാണം.
14. ആധുനിക നിരീക്ഷണ ബോട്ടുകൾ വാങ്ങൽ.
15. ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗിന്റെ മുനമ്പം/പറവൂർ സബ്ഓഫീസുകളുടെ കെട്ടിട നിർമ്മാണം.

(II) <u>ഇനിയും നടപ്പിലാക്കുവാൻ അവശേഷിക്കുന്ന പദ്ധതികൾ.</u>

1. ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗിനുവേണ്ടി തിരുവനന്തപുരത്ത് കെട്ടിട നിർമ്മാണം - പി.ഡബ്ല്യു.ഡി. യുടെ ഷെഡ്യൂൾ നിരക്ക് വർദ്ധനവ്

കാരണം പുതുക്കിയ ഭരണാനുമതി ആവശ്യമായി വന്നു. പുതുക്കിയ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

2. ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗിന്റെ മുനമ്പം/പറവൂർ സബ്ഓഫീസുകളുടെ കെട്ടിട നിർമ്മാണം - പി.ഡബ്ല്യൂ.ഡി. യുടെ ഷെഡ്യൂൾ നിരക്ക് വർദ്ധനവ് കാരണം പുതുക്കിയ ഭരണാനുമതി ആവശ്യമായി വന്നു. പുതുക്കിയ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.
3. ആധുനിക നിരീക്ഷണ ബോട്ടുകൾ വാങ്ങൽ –– നിരീക്ഷണ ബോട്ടുകൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ കഴിഞ്ഞു. ടെണ്ടറിന്മേലുള്ള അന്തിമ തീരുമാനം ആയിട്ടില്ല. ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടർ കഴിഞ്ഞു. പർച്ചേസിനുള്ള അനുമതിക്കായി പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

<u>തുറമുഖ വകുപ്പ്:</u>

പദ്ധതികൾ എല്ലാംതന്നെ ഓൺ ഗോയിംഗ് സ്കീമിൽ ഉൾപ്പെട്ടവയാണ്.

<u>എക്സൈസ് വകുപ്പ്:</u>

2012-13 കാലയളവിൽ ബഡ്ജറ്റിലൂടെയും അല്ലാതെയും പ്രഖ്യാപിച്ച പദ്ധതികളും പരിപാടികളും അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുകയിൽ ഇതുവരെ ചെലവായിട്ടില്ലാത്ത തുക എത്ര ?

(സി) **ഫിഷറീസ് വകുപ്പ്:**

വിവരം ശേഖരിച്ചു വരുന്നു.

**ഹൈഡ്രോഗ്രാഫിക് സർവ്വെ വകുപ്പ്:**

ഭരണാനുമതി ലഭിച്ചതിൽ പദ്ധതി നിർവഹണം ആരംഭിച്ചിട്ടില്ലാത്ത പദ്ധതികൾ ഇല്ല.

ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതിൽ 718.08 ലക്ഷം രൂപ ഇതുവരെ ചെലവായിട്ടില്ല. ഇതിൽ 398.40 ലക്ഷം രൂപ പുനർവിനിയോഗം നടത്തുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

**ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്:**

ഫിഷറീസ് മേഖലയിൽ 7898.12 ലക്ഷം രൂപയും പോർട്ട് മേഖലയിൽ 2350.57 ലക്ഷം രൂപയും ഇനിയും ചെലവഴിക്കാനുണ്ട്.

**തുറമുഖ വകുപ്പ്:**

ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുകയിൽ ഇതുവരെ ചെലവായിട്ടില്ലാത്ത തുക - 235.36 കോടി രൂപ.

## എക്സൈസ് വകുപ്പ്:

ഇതുവരെ ചെലവായിട്ടില്ലാത്ത തുക - 37,94,04,842 രൂപയാണ്.

സെക്ഷൻ ഓഫീസർ